ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് 23,56,600 രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് നാലു ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് ന്യൂക്ലിയർ മെഡിസിൻ വകുപ്പിനുവേണ്ടി ഐസോടോപ്പ് വാങ്ങുന്നതിനായും നിർദ്ധനർക്കുള്ള പരിശോധനാച്ചെലവിനുവേണ്ടിയും കോഴിക്കോട് ഗാമാ ക്യാമറയുടെ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഈയിനത്തിൽ കേന്ദ്രസഹായം ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിന് കേന്ദ്ര അണുശക്തി വകുപ്പിന്റെ BRIT എന്ന സ്ഥാപനത്തിൽനിന്നും 37 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് ഒരു ഗാമ ക്യാമറയും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗം ഇപ്പോൾത്തന്നെ ടി വകുപ്പിന്റെ വരവുചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നൽകിയിട്ടുള്ള നിവേദനങ്ങൾ

1 [5144] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ മുഖ്യമന്ത്രി ഔദ്യോഗികമായി പ്രധാനമന്ത്രിയെ എത്രപ്രാവശ്യം സന്ദർശിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രി പ്രധാനമന്ത്രിയെ സന്ദർശിക്കുമ്പോൾ സംസ്ഥാനത്തെ ബാധിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള നിവേദനങ്ങൾ നൽകാറുണ്ടോ; എങ്കിൽ ഇതിനകം എത്ര നിവേദനങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രധാനമന്ത്രിക്ക് സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങളെ സംബന്ധിച്ച് എത്ര നിവേദനങ്ങൾ അയച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഇതിൽ ഫാക്സ് മുഖേന എത്ര നിവേദനങ്ങൾ അയച്ചിട്ടുണ്ട്;

(ഇ) ഈ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എടുത്തിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എഫ്) സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യങ്ങളെ സംബന്ധിച്ചും നിവേദനങ്ങൾ സ്വീകരിച്ചും കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റുമായി ഔദ്യോഗികമായി ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ടെങ്കിൽ എത്ര ചർച്ചകൾ നടത്തിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അഞ്ച് പ്രാവശ്യം.

(ബി—ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നാലു മെമ്മോറാണ്ടങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിന് 45 കത്ത്/ഫാക്സ് നൽകിയിട്ടുണ്ട്:

(ഇ) സംസ്ഥാന സർക്കാർ ഉന്നയിച്ച പല ആവശ്യങ്ങളോടും അനുഭാവപൂർവ്വമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇവയിൽ പ്രധാനപ്പെട്ട നടപടികൾ താഴെ കൊടുത്തിരിക്കുന്നു.

ഫുഡ് ഫോർ വർക്ക് പദ്ധതിയിൽ 77,000 മെട്രിക് ടൺ അരി അധികമായി അനുവദിച്ചു. തോട്ടം മേഖലയിലെ തൊഴിലാളികൾ, ആദിവാസികൾ എന്നിവർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. 18.45 കോടി രൂപയുടെ പമ്പ ആക്ഷൻ പ്ലാൻ ആദ്യ ഘട്ടം അംഗീകരിച്ചു. 12196 ഹെക്ടർ വനഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി ഉപയോഗിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ അനുവദിച്ചു. ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിൽ പ്രഖ്യാപിച്ച 10,000 കോടി രൂപയുടെ പദ്ധതികളായ കായംകുളം താപനിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കുക, ഭാരത് പെട്രോളിയം റിഫൈനറി, കൊച്ചി റിഫൈനറി ഇവയുടെ അപ്ഗ്രഡേഷൻ, എൻ. എം. ഡി. സി., ഇന്ത്യൻ റയർ എർത്ത്സ് എന്നിവയുടെ സംയുക്ത സംരംഭമായ ധാതുപര്യവേഷണം എന്നിവ അംഗീകരിച്ചു. കേന്ദ്ര പൂളിൽനിന്നുള്ള വൈദ്യുതിയുടെ അധിക വിനിയോഗം അനുവദിച്ചു. 810 കോടി രൂപയുടെ ആരോഗ്യ സംവിധാന വികസന പദ്ധതി ശുപാർശ ചെയ്ത് ലോക ബാങ്കിന്റെ സഹായത്തിന് അയച്ചു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന് സെൻട്രൽ ബോർഡ് ഓഫ് കസ്റ്റംസിന്റെ 27-5-2003-ലെ നോട്ടിഫിക്കേഷനിൽ ഒഴിവാക്കിയിരുന്നത് പുനഃപരിശോധിച്ച് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നു.

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫെർഗുസൻ കമ്മിറ്റി ശുപാർശകൾ അംഗീകരിക്കുകയും തേയില-കാപ്പി തോട്ടം മേഖലയ്ക്ക് വാണിജ്യ ബാങ്കുകളിൽനിന്നുള്ള വായ്പയ്ക്ക് ഇളവനുവദിക്കുകയും ചെയ്തു. കൂടാതെ അവയുടെ വിലയിടിവ് നിയന്ത്രിക്കുന്നതിന് പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് രൂപീകരിച്ചു. അഡീഷണൽ മാർക്കറ്റ് ബോറോയിംഗ് അനുവദിച്ചു.

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന് കൂടുതൽ അന്തർദേശീയ ഫ്ളൈറ്റുകൾ അനുവദിച്ചു. കോട്ടയ്ക്കൽ ആര്യവൈദ്യശാലയെ ഒരു സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചു. സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥരെ കേന്ദ്ര ഡെപ്യൂട്ടേഷനിൽ എടുക്കുവാൻ തീരുമാനിച്ചു.

(എഫ്, ജി) നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly